# കർമനിരതരായിരുന്ന രണ്ടു പേർ



ഇ.എം.സെയ്തു മുഹമ്മദ്

**പ്രവർത്തനനൈരന്തര്യം** കൊണ്ട് തങ്ങളുടെ പരിസരത്ത് നിറഞ്ഞുനിന്ന ഇസ്‌ലാമിക പ്രവർത്തകരായിരുന്നു ചാവക്കാട് ബ്ലാങ്ങാട് ഇ.എം സെയ്തു മുഹമ്മദ് (ഇ.എം.എസ്) സാഹിബും കോട്ടയം കെ.കെ അബ്ദുർറസ്സാഖ് സാഹിബും. 1.8.07-ന് റസാഖ് സാഹിബും 13.8.07 -ന് ഇ.എം.എസ്സും അല്ലാഹുവിങ്കലേക്ക് യാത്രയായി.

അറുപതുകളുടെ അന്ത്യത്തിൽ ഗൾഫിൽ ജോലി തേടി പോയ സെയ്തു മുഹമ്മദ് സാഹിബ് ഇരുപത് വർഷക്കാലം ഗൾഫിലും പിന്നീട് നാട്ടിലും പ്രസ്ഥാനമാർഗത്തിൽ സജീവ പങ്കാളിത്തം വഹിച്ചു. ഈ ലേഖകൻ *മലർവാടി* മാസികയിലും പിന്നീട് *ടിറ്റ് ഫോർ ടാറ്റ്* മാസികയിലും ജോലി ചെയ്തിരുന്നപ്പോൾ ഗൾഫിൽനിന്ന് ഇ.എം.എസ്സിന്റെ ഓരോ കവർ കൂടെക്കൂടെ ലഭിക്കുമായിരുന്നു. ഗൾഫിലും നാട്ടിലുമുള്ളവരെ വരിചേർത്തുകൊണ്ടുള്ള ലിസ്റ്റായിരിക്കും അവ.

ഗൾഫിൽനിന്ന് നാട്ടിൽ വന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിരുന്നെങ്കിലും പത്തിരുപത് വർഷം ഒരു മുഴുസമയ പ്രവർത്തകനെപ്പോലെ അദ്ദേഹം പ്രസ്ഥാന പ്രവർത്തനരംഗത്തുണ്ടായിരുന്നു. സഹധർമിണി സൗദാബിയും അദ്ദേഹത്തോടൊപ്പം ചേർന്നു. ഇവരുടെ വീട് പ്രസ്ഥാന ഓഫീസും ഖുർആൻ സ്റ്റഡി സെന്റർ ആസ്ഥാനവുമാണ്. നാട്ടുകാർക്ക് തങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിച്ചുകിട്ടാനുള്ള കേന്ദ്രവും. പലിശരഹിത വായ്പാ നിധിയുടെ ഓഫീസും ഈ വീടുതന്നെ.

കൈമെയ് മറന്ന് പ്രസ്ഥാനമാർഗത്തിൽ പണിയെടുക്കുന്ന ശീലമായിരുന്നു അദ്ദേഹത്തിന്റേത്. വിവാദങ്ങളിലോ തർക്കങ്ങളിലോ ഇടപെടാത്ത പ്രകൃതം. ജമാഅത്തെ ഇസ്‌ലാമി ഒരുമനയൂർ വില്യംസ് കാർകുൻ ഹൽഖാ നാസിം; അൽഹുദാ ചാരിറ്റബ്ൾ ട്രസ്റ്റ്, നാഷ്നൽ ഹുദാ ഇംഗ്ലീഷ് സ്കൂൾ എന്നിവയുടെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മരിക്കുമ്പോൾ 58 വയസ്സായിരുന്നു. ഇ.എം.എസ്സിന്റെ വിയോഗം ചാവക്കാട് ഏരിയയിൽ ഇസ്‌ലാമിക പ്രവർത്തനരംഗത്ത് വലിയ നഷ്ടമാണ്.



അബ്ദുർറസ്സാഖ് സാഹിബ്

**അനാരോഗ്യവും** ജീവിതക്ലേശങ്ങളും വകവെക്കാതെ പ്രസ്ഥാന പ്രവർത്തനംരഗത്ത് നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു കോട്ടയത്തെ അബ്ദുർറസ്സാഖ് സാഹിബ്. കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന അദ്ദേഹം 1963-ലാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. കോട്ടയം പ്രദേശത്തെ പ്രഥമ പ്രസ്ഥാന പ്രവർത്തകൻ റസാഖ് സാഹിബാണ്. ജീവിതവും പ്രസ്ഥാന പ്രവർത്തനവും ഒരു സമരംതന്നെയായിരുന്നു അദ്ദേഹത്തിന്. കോട്ടയം ടൗണിലെ കടത്തിണ്ണയിലിരുന്ന് ജോലി ചെയ്തിരുന്ന ഈ ടിൻമേക്കർക്ക് പണിയായുധമല്ലാതെ വേറെയൊന്നും സ്വന്തമായി ഉണ്ടായിരുന്നില്ല. പക്ഷേ, ഇസ്‌ലാമികപ്രസ്ഥാനം പ്രദാനം ചെയ്ത ആദർശകരുത്തിനാൽ അദ്ദേഹം ധന്യനായിരുന്നു. ജമാഅത്ത് പ്രാദേശിക അമീർ, ഏരിയാ ഓർഗനൈസർ, കുമ്മനം ഇസ്‌ലാമിക് സെന്റർ ട്രസ്റ്റ് ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. ജീവിതപ്രയാസങ്ങൾ സഹിച്ചും ലളിതജീവിതം നയിച്ചും അദ്ദേഹം എല്ലാവർക്കും മാതൃകകാണിച്ചു.

1991-ൽ *മാധ്യമം* കോട്ടയം ബ്യൂറോയിലേക്ക് സ്ഥലംമാറ്റം കിട്ടിയപ്പോൾ കോട്ടയം പ്രാദേശിക ജമാഅത്തിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരമുണ്ടായി. തീരുമാനങ്ങളും പരിപാടികളും നടപ്പാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന, ആത്മാർഥതയും നിഷ്കളങ്കതയും നിറഞ്ഞ ഒരു മുജാഹിദിനെയാണ് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞത്.

മക്കളെ ശാന്തപുരം ഇസ്‌ലാമിയാ കോളേജ്, മൂവാറ്റുപുഴ മദ്റസത്തുൽ ബനാത്ത് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിപ്പിച്ച് ഇസ്‌ലാമിക പ്രവർത്തകരാക്കി അദ്ദേഹം വളർത്തിയെടുത്തു. മകൻ നാസർ ഒമാനിൽ, *ഒമാൻ ടൈംസ്* പത്രത്തിൽ ജോലിചെയ്തുകൊണ്ടിരിക്കെ രോഗബാധിതനായതും മരണപ്പെട്ടതും വലിയ ആഘാതമായി. ഒമാനിലെയും കേരളത്തിലെയും യുവ ഇസ്‌ലാമിക പ്രവർത്തനരംഗത്ത് ഇതൊരു നഷ്ടമായി അനുഭവപ്പെട്ടു. ഈ അവസരത്തിൽതന്നെ റസാഖ് സാഹിബും രോഗശയ്യയിലായി. 78-ാം വയസ്സിലായിരുന്നു അന്ത്യം. ഒമാനിൽ ജോലി ചെയ്യുന്ന മകൻ സലീമും പെൺമക്കളായ നൂർജഹാനും നസീമയും പ്രസ്ഥാന മാർഗത്തിൽ മുൻനിരയിൽതന്നെയാണ്. ആഇശാ ബീവിയാണ് സഹധർമിണി.

റസാഖ് സാഹിബിനും സെയ്തു മുഹമ്മദ് സാഹിബിനും അല്ലാഹു തആലാ പൊറുത്തുകൊടുക്കുകയും ഉദാരമായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ. അവരെയും നമ്മെയും അവന്റെ സ്വർഗത്തിൽ ഒരുമിച്ചു ചേർക്കുകയും ചെയ്യുമാറാകട്ടെ-ആമീൻ.

**ടി.വി മുഹമ്മദലി**